# “നിനക്കു വാസ്തവത്തിൽ സൗഖ്യമാകുവാൻ മനസ്സുണ്ടോ?”

## (യോഹന്നാൻ 5:1-16)

യോഹന്നാൻ 5-ാം അദ്ധ്യായത്തിൽ യേശു അസാധാരണമായ ഒരു ചോദ്യം ചോദിച്ചു. യേശു ഒരു രോഗിയുടെ അടുക്കൽ ചെന്നു അവനോടു ചോദിച്ചു “നിനക്കു സൗഖ്യമാകുവാൻ മനസ്സുണ്ടോ?” (വാക്യം 6). 5-ാം വാക്യത്തിൽ പറയുന്നത് ആ മനുഷ്യൻ *38വർഷമാ*യി രോഗിയാണ് - യേശു അങ്ങനെയുളളവനോടാണു ചോദിക്കുന്നത് നിനക്കു സൗഖ്യമാകുവാൻ മനസ്സുണ്ടോ എന്ന്!

ഒറ്റ നോട്ടത്തിൽ, ഇതുപോലെയുള്ള ചോദ്യങ്ങൾ ആളുകൾ ഇന്നും ചോദിക്കുന്നുണ്ട്: ഒരു കാർ മുഴുവനായും അപകടത്തെ തുടർന്നു തകർന്നിരിക്കുന്നു, അതിനകത്തുളള ആൾ പരിക്കേറ്റു രക്തം ഒഴുകുന്നു കൈകാലുകൾ അസ്വാഭാവിക ആകൃതിയിലായിരിക്കുന്നു, അയാളോട് ഒരാൾ പോയി, ‘‘കുഴപ്പമൊന്നും ഇല്ലല്ലോ?’’ എന്നു ചോദിക്കുന്നു എന്നു വിചാരിക്കുക. ഒരു സ്ത്രീ ആസ്പത്രി മുറിയിൽ പോയി. അവളുടെ സ്നേഹിത ശരീരം ആസകലം ബാന്റേജ് ചുറ്റിയിരിക്കുകയാണ്, മുഖം വേദനകൊണ്ടു വികൃതമായിരിക്കുന്നു. അസംഖ്യം ട്യൂബുകളും വയറുകളും ശരീരത്തിൽ നിന്നു മുറി നിറച്ചുളള മെഷീനുകളിലേയ്ക്കു ഘടിപ്പിച്ചിരിക്കയാണ്. അവൾ സ്നേഹിതയോടു ചോദിക്കുന്നു, “നിനക്കു വേദനയുണ്ടോ?”

ഈ ചിത്രീകരണം കൂടുതൽ വ്യക്തിപരമാക്കുവാൻ: ഉദാഹരണമായി നിങ്ങൾക്കു എല്ലായിപ്പോഴും സുഖമില്ലെന്നു തോന്നുന്നുവെന്നിരിക്കട്ടെ, അപ്പോൾ ആരെങ്കിലും നിങ്ങളോട്

"സുഖമാകുവാൻ ഇഷ്ടമുണ്ടോ?" എന്നു ചോദിക്കുന്നു. അല്ലെങ്കിൽ നിങ്ങൾക്കാരോടെങ്കിലും അഭിപ്രായ വ്യത്യാസം ഉണ്ടെങ്കിൽ വേറെ ആരെങ്കിലും ചോദിക്കുകയാണ്, "നിങ്ങൾക്ക് അയാളുമായി യോജിച്ചു പോകുവാൻ മനസുണ്ടോ?'' അതുമല്ലെങ്കിൽ നിങ്ങളുടെ വിവാഹജീവിതം കുടുംബം ആയിരിക്കേണ്ടതുപോലെ അല്ല എങ്കിൽ മറ്റാരെങ്കിലും വന്നു, "നിങ്ങൾക്കു നല്ല സന്തോഷപ്രദമായ, കുടുംബം ഇഷ്ടമാണോ?'' എന്നു ചോദിക്കുന്നു എന്നിരിക്കട്ടെ. അല്ലെങ്കിൽ കുറ്റഭാരത്താൽ വലഞ്ഞിരിക്കുന്ന നിങ്ങളോട് ഒരു ചോദ്യം ചോദിക്കുകയാണ്: ''നിങ്ങൾക്കു കുറ്റത്തിൽ നിന്ന് ഒരാശ്വാസം ഇഷ്ടമാണോ?"

''ഇതെന്തു ചോദ്യം! എന്നായിരിക്കും നിങ്ങളുടെ പ്രാഥമിക പ്രതികരണം ഒരുപക്ഷേ. തീർച്ചയായും എനിക്കു ആളുകളുമായി ഒത്തുപോകുവാനാണ് ആഗ്രഹം. (അല്ലെങ്കിൽ നല്ല വിവാഹജീവിതവും നല്ല കുടുംബവും, അതുമല്ലെങ്കിൽ കുറ്റമോചനവും ആശ്വാസവും ആഗ്രഹിക്കുന്നു). ചോദിക്കുന്ന ചോദ്യം പോലും ചിലപ്പോൾ എത്ര വിചിത്രമായിരിക്കും!" നാമെല്ലാം ആഗ്രഹിക്കുന്നതും! ... അതാണ് അല്ലേ?

നാം യോഹന്നാൻ 5:1–16 വരെയുള്ള വാക്യങ്ങൾ പഠിക്കുമ്പോൾ ഈ ചോദ്യങ്ങൾ നമ്മുടെ മനസിന്റെ ഒരു കോണിൽ സൂക്ഷിക്കുക.

യേശു തന്റെ ശുശ്രൂഷ ഗലീലയിൽ ആരംഭിച്ചു. ആ ശുശ്രൂഷയുടെ ഒരു ഘടന രോഗികളെ സൗഖ്യമാക്കുക എന്നതായിരുന്നു, യേശു ആളുകളെ പഠിപ്പിക്കയും സൗഖ്യമാക്കുകയും ചെയ്തപ്പോൾ രണ്ടു കാര്യങ്ങൾ സംഭവിച്ചു: (1) പുരുഷാരം കൂടുതൽ വർദ്ധിച്ചു തുടങ്ങി, (2) എതിർപ്പും കൂടുതൽ വർദ്ധിക്കാൻ തുടങ്ങി. ഈ പാഠത്തിൽ, നാം ഒരു സൗഖ്യ ശുശ്രൂഷയും അതുയർത്തിയ എതിർപ്പും കാണാം. സന്ദർഭം തുടർന്നു പഠിക്കുന്നതിലൂടെ, യേശു ചോദിച്ച അസാധാരണ ചോദ്യവും: ''നിനക്കു [വാസ്തവത്തിൽ] സൗഖ്യമാകുവാൻ മനസ്സുണ്ടോ എന്നതും ആരായുന്നതാണ്?"

### കുളത്തിനരികെയുള്ള ഒരു മനുഷ്യനെ യേശു സൗഖ്യമാക്കി

ബേഥെസ്ദാ കുളത്തിനരികെയുണ്ടായിരുന്ന മനുഷ്യനെ യേശു സൗഖ്യമാക്കുന്നതു ആദ്യം നോക്കാം. വാസ്തവത്തിൽ മൂന്നു ഭാഗങ്ങൾ അടങ്ങിയ സൗഖ്യമാക്കൽ ആയിരുന്നു അത് എ ന്നു ഞാൻ പങ്കിടുവാൻ ആഗ്രഹിക്കുന്നു.

### ഒരു ശാരീരിക സൗഖ്യം (യോഹന്നാൻ 5:1-6)

5-ാം അദ്ധ്യായത്തിൽ ആരംഭിക്കുന്നതു, ''അതിനുശേഷം യെഹൂദന്മാരുടെ ഒരു ഉത്സവം, ഉണ്ടായിട്ട് യേശു യെരുശലേമിലേയ്ക്കു

പോയി'' എന്നാണ് (വാക്യം 1). ''ഉത്സവം'' എന്നതിനു പകരം ''ഒരുത്സവം,''[1] എന്നാണ് പറഞ്ഞിരിക്കുന്നതു. അതു സൂചിപ്പിക്കുന്നതു ചെറിയ ഏതെങ്കിലും ഉത്സവമായിരിക്കാം. അതിൽ യെഹൂദന്മാർ നിർബ്ബന്ധമായും പങ്കെടുക്കേണ്ട ആവശ്യമില്ല. ഇന്നു ചില ആളുകൾ ഞായറാഴ്ച ആരാധനയ്ക്കു ''ആവശ്യമുള്ളപ്പോൾ മാത്രം,'' പോകുന്നതിൽനിന്നു വിഭിന്നമായിട്ടാണ്. യേശു ആരാധനയ്ക്കു പോകുവാൻ താല്പര്യപ്പെട്ടത്![2]

''യെരുശലേമിൽ ആട്ടുവാതിൽക്കൽ ബേഥെസ്ദാ, എന്ന എബ്രായ പേരുള്ള കുളം ഉണ്ട്, അതിന് അഞ്ച് മണ്ഡപമുണ്ട്'' (വാക്യം 2). ''വാതിൽക്കൽ'' എന്നതു ചരിച്ചെഴുതിയതായതു കൊണ്ട്, തർജിമ ചെയ്തതാകാനാണ് സാദ്ധ്യത. മൂലഗ്രന്ഥത്തിൽ ''ആട്ടു *സംഗതി*''[3] എന്നാണ്. അതു ഒരുപക്ഷേ ''ആട്ടുസംഗതി'' തന്നെയാകാം ആട്ടുവാതിൽക്കൽ എന്നത്. അതിൽ കൂടെയാണ് യാഗം കഴിക്കാനുള്ള ആട്ടിൻ കൂട്ടത്തെ കൊണ്ടു പോകുന്നത്.

അവിടെ പറയുന്ന കുളം ഇന്നുമുണ്ട്. ''ബേഥെസ്ദാ'' എന്നതിന്റെ അർത്ഥം ഒരുപക്ഷേ ''കാരുണ്യ ഭവനം'' എന്നായിരിക്കാം. കുളത്തിന്റെ വിസ്തീർണ്ണത്തിനു ചുറ്റുമുള്ള വക്കുകളിലായി ''അഞ്ചു മണ്ഡപം''[4] ഉണ്ടായിരുന്നു.

താഴോട്ടുള്ള രംഗം കരളലിയിക്കുന്നതും കണ്ണുനീർ ഒഴുകുന്നതും ആണ്: ''ഈ [മണ്ഡപങ്ങളിൽ], വ്യാധിക്കാർ, കുരുടർ, മുടന്തർ, ക്ഷയരോഗികൾ ഇങ്ങനെ വലിയൊരു കൂട്ടം കിടന്നിരുന്നു'' (വാക്യം 3). വല്ലാത്ത ദുർഗ്ഗന്ധവും സാഹചര്യം തരംതാഴ്ത്തപ്പെട്ടതുമായിരുന്നു. കാഴ്ചകളും, ശബ്ദങ്ങളും, ദുർഗ്ഗന്ധവും ആളുകൾക്കു മനം മറിച്ചിലുണ്ടാക്കുന്നതായിരുന്നു.

ഈ സമയത്ത്, കെ.ജെ.വി ഈ വാക്കുകൾ ചേർക്കുന്നു:

> ... അതതു സമയത്തു ഒരു ദൂതൻ, കുളത്തിൽ ഇറങ്ങി വെള്ളം കലക്കും: വെള്ളം കലങ്ങിയ ശേഷം ആദ്യം ഇറങ്ങുന്നവൻ, ഏതു വ്യാധി പിടിച്ചവൻ ആയിരുന്നാലും അവനു സൗഖ്യം വരും എന്നാണ് (വാക്യം 3, 4; കെ.ജെ.വി).

ഈ വിവരണം കൃത്യമായി മൂല ഭാഷയിലെ കയ്യെഴുത്തു പ്രതിയിലില്ല.[5] എന്നാൽ ഒരു ശാസ്ത്രിയുടെ പുരാതന വ്യാഖ്യാന ത്തിൽ കൂടി കടന്നു വന്നിരുന്നു എന്നു ആ വാക്കുകൾ പറയുന്നു (7-ാം വാക്യം ശ്രദ്ധിക്കുക). വെള്ളത്തിനടിയിൽ ഊറ്റുള്ള ഒരു കുളമായിട്ടാണ് ബേഥെസ്ദാ കുളത്തെ അറിയപ്പെട്ടിരുന്നത്. സമയാസമയങ്ങളിൽ, നീർക്കുമിളകൾ കാണാമായിരുന്നു. പ്രത്യക്ഷമായി, ആളുകൾ ഈ വെള്ളത്തിന്റെ ചലനത്തെ ദൂതൻ കലക്കുന്നതായി പറഞ്ഞിരുന്നു.

''എന്നാൽ മുപ്പത്തെട്ടു ആണ്ടു രോഗം പിടിച്ചു കിടന്നൊരു

മനുഷ്യൻ അവിടെ ഉണ്ടായിരുന്നു'' (വാക്യം 5). ഈ മനുഷ്യൻ ആയുസിൽ നല്ലൊരു ഭാഗം രോഗിയായിരുന്നു എന്നു ഊഹിക്കുന്നതിൽ തെറ്റില്ല. 7-ാം വാക്യത്തിൽ, കാണുന്നതുപോലെ കഴിവു കുറഞ്ഞവനായിരുന്നു അവൻ; അവനു സ്വയമായി വെള്ളത്തിൽ ഇറങ്ങുവാൻ കഴിഞ്ഞിരുന്നില്ല. അവൻ ബലഹീനനോ, മുടന്തനോ, പക്ഷവാതരോഗിയോ ആയിരുന്നിരിക്കാം.

6-ാം വാക്യം അതിനോടു യോജിക്കുന്നു: "അവൻ കിടക്കുന്നതു യേശു കണ്ടു, ഇങ്ങനെ ഏറിയ കാലമായിരിക്കുന്നു എന്നറിഞ്ഞു, 'നിനക്കു സൗഖ്യമാകുവാൻ മനസ്സുണ്ടോ എന്നു അവനോടു ചോദിച്ചു?' '' രോഗികൾ കൂടി വന്നിരുന്ന ഈ കുളത്തിനരികെ യേശു വന്നിരുന്നതിനു ഒരു ഉദ്ദേശം ഉണ്ടായിരുന്നു. പട്ടണത്തിലെ കാഴ്ച കാണാനായി ഇറങ്ങിയതായിരുന്നില്ല എന്നു വ്യക്തം. അവൻ അവരോടുള്ള മനസ്സലിവു നിമിത്തമാണ് വന്നതെന്നു സംശയരഹിതമായി, പറയാം.

കുളത്തിനരികെ യേശു എത്തിയപ്പോൾ, മുപ്പത്തെട്ടു - വർഷം രോഗം ബാധിച്ചു കിടന്ന മനുഷ്യനെയാണ് കണ്ടത്. എന്തിനാണ് യേശു ഈ മനുഷ്യനെ സൗഖ്യമാക്കാൻ ആഗ്രഹിച്ചത്?, ആ കുളത്തിനു ചുറ്റും ഉണ്ടായിരുന്ന അനേക രോഗികളിൽ ഇവനെ മാത്രം സൗഖ്യമാക്കാൻ കാരണമെന്തായിരുന്നു? ഈ മനുഷ്യന്റെ കാര്യം, പ്രത്യാശ ഇല്ലാത്തവനു പ്രത്യാശകൊടുക്കുക എന്ന കാരണമായിരുന്നോ? സഹായിക്കാൻ ആരുമില്ലാത്തതു കൊണ്ടു സഹായിച്ചതാണോ? അവനു സ്നേഹിതന്മാരില്ലാത്തതു കൊണ്ടാണോ? (വാക്യം 7).[6] സ്നേഹിതന്മാരില്ലാത്തവർക്കു സ്നേഹിതനായി തീരുവാനോ? (ഒരു കുട്ടിയോടു നായ്കുട്ടിയെ എടുക്കാൻ പറഞ്ഞതു പോലെയാണോ. പ്രായമുള്ളതും, ആരോഗ്യമുള്ളതുമായ, നായ്കുട്ടികൾ ചെറിയവയെ തള്ളിമാറ്റി വിടുമ്പോൾ ചെറിയതിനെ കുട്ടി വാരിയെടുക്കുന്നു).

കാരണം എന്തായിരുന്നാലും, യേശു ആ മനുഷ്യനെ നോക്കി, ''അവൻ ദീർഘനാളുകളായി അങ്ങനെ കിടക്കുന്നു എന്നറിഞ്ഞു'' (കൃത്യമായി മുപ്പത്തി - എട്ട് വർഷം), അവനോടാണു ചോദ്യം, "നിനക്കു സൗഖ്യമാകുവാൻ മനസ്സുണ്ടോ?"

യേശു ഈ അസാധാരണ ചോദ്യം എന്തിനാണ് ചോദിച്ചതെന്ന് നമുക്കു വിചാരപ്പെട്ടിരിക്കാം?

അതിനെക്കുറിച്ചു ഒന്നു ചിന്തിക്കുക. മുപ്പത്തെട്ടു - വർഷം രോഗമായി കിടന്ന ആൾ, മനസ്സു മടുത്തിരിക്കും. ഒരുപക്ഷേ ഒരു വിധത്തിൽ, നോക്കിയാൽ ആ മനുഷ്യൻ ഒരു ലാഘവത്തോടെയാണ് കാണപ്പെടുന്നത്. കാരണം ആരെങ്കിലും ആണ് അയാളെകുളത്തിനരികിലേയ്ക്കു ദിവസവും കൊണ്ടു വരുന്നത്. ഒരു ഉത്തരവാദിത്വമില്ലാതെയാണ് അയാൾ അവിടെ കിടക്കുന്നത്. ഒരു പക്ഷേ

കിട്ടുന്ന ധർമ്മം ശേഖരിച്ചിരിക്കാം. മറ്റാരെങ്കിലും തീരുമാനം എടുക്കും; എല്ലാ ജോലിയും മറ്റാരെങ്കിലും ചെയ്തിരുന്നു. അവൻ ഒരു പക്ഷേ വിധിക്കു കീഴ്പ്പെട്ടു കഴിഞ്ഞേക്കാം; അപരിഹാരമെന്നു കരുതി സ്വീകരിച്ചേക്കാം. തന്റെ ജീവിതത്തിലെ ശേഷം, കാലവും ഇങ്ങനെ അപ്രധാന്യമായി തന്നെ കഴിയേണ്ടിവരും, എന്നു ചിന്തിച്ചിരിക്കാം.

മറിച്ച്, അവൻ വേഗം സുഖപ്പെട്ടാൽ എന്തു സംഭവിക്കും? ഉപജീവനഭാരം നോക്കേണ്ടി വരും. തൊഴിലില്ലായ്മയുടെ – മദ്ധ്യത്തിൽ മത്സരരംഗത്ത് അവൻ ഇറങ്ങേണ്ടി വരും. അവനതു വരെ വ്യാപാര നൈപുണ്യമൊന്നുമില്ല – മുപ്പത്തി – എട്ട് വർഷം ഒന്നും ചെയ്യാതിരുന്നതാണ്! ഇപ്പോൾ ഉത്തരവാദിത്വവും കണക്കു ബോധിപ്പിക്കലും ആവശ്യ മായിരിക്കുന്നു. ജോലി ചെയ്യണം, മത്സരിച്ചു തന്നെ, തീരുമാനം സ്വയം എടുക്കേണ്ടിയിരിക്കുന്നു. ഭയങ്കരപരാജയം നേരിടാനും സാദ്ധ്യതയുണ്ട്.

യേശു ചോദിക്കുകയാണ്, ''വാസ്തവത്തിൽ ഇതെല്ലാം ആഗ്രഹമുണ്ടോ? നീ ഇതിനെല്ലാം തയ്യാറാണോ?"

ചില ആളുകൾക്കു രോഗം വന്നിരിക്കുന്നതിനോടു യോജിച്ചു പോകുന്നവരാണവർ "അസുഖം *ഇഷ്ടപ്പെടുന്നവരാണ്*" ചിലർ എന്ന പഴമൊഴി നിങ്ങൾ ഒരുപക്ഷേ കേട്ടിരിക്കാം. ചിലർ അതിൽ തന്നെയിരിക്കാൻ ഇഷ്ടപ്പെടുന്നവരാണ്. ചിലർ ശ്രദ്ധ ഇഷ്ടപ്പെടുന്നു. തങ്ങൾക്കിഷ്ടമില്ലാത്തതു ചെയ്യാൻ താല്പര്യമില്ലാത്തതു കൊണ്ടു ഒഴിവുകഴിവു ഇഷ്ടപ്പെടുന്നു.

യേശുവിന്റെ ചോദ്യം പ്രത്യക്ഷത്തിൽ തോന്നുന്നതു പോലെ അത്ര അസാധാരണമല്ല.

**മനസ്സിന്റെ സൗഖ്യം (യോഹന്നാൻ 5:7-13)**

നമുക്കു ആ ചോദ്യത്തിലേയ്ക്കു ആഴമായി ഒന്നു പ്രവേശിക്കാം യേശു എല്ലാവരേയും അറിഞ്ഞിരുന്നു; ആളുകളുടെ വിചാരവും അവൻ അറിഞ്ഞിരുന്നു (യോഹന്നാൻ 2:25). യേശു അതുകൊണ്ടു ഉത്തരത്തിനുവേണ്ടി ചോദിച്ചതല്ല, മറിച്ച് അവൻ തന്നിലേയ്ക്കു തന്നെ നോക്കുന്നതിനു വേണ്ടിയാണ് ആ ചോദ്യം ചോദിച്ചത്[7]. വെറും ശരീരത്തെ മാത്രം സൗഖ്യമാക്കുവാൻ അല്ല യേശു കരുതിയത്; മനസ്സിനേയും സൗഖ്യമാക്കുവാൻ യേശു വിചാരിച്ചിരുന്നു. ആ മനുഷ്യന് നല്ല ആരോഗ്യകരമായ മനോഭാവം വളർത്തിയെടുക്കാൻ യേശു ആഗ്രഹിച്ചു

ആ മനുഷ്യൻ യേശുവിന്റെ ചോദ്യത്തെ കണ്ടത് ഒരു ശാസനയായിട്ടാണ്. പ്രത്യക്ഷത്തിൽ, ആ ചോദ്യം മനസ്സിലാക്കിയതു, ''നിനക്കു സുഖമാകുവാൻ ആഗ്രഹമുണ്ടെങ്കിൽ, എന്തുകൊണ്ടു കഴിഞ്ഞില്ല? വെള്ളം കലക്കുമ്പോൾ, ഓടിച്ചെന്ന് ഒന്നാമതായി

ഇറങ്ങിക്കൂടെ?" എന്നാണ്. "രോഗി മറുപടി പറഞ്ഞു, 'യജമാനനേ, വെളളം കലക്കുമ്പോൾ എന്നെ കുളത്തിൽ ആക്കുവാൻ എനിക്കാരുമില്ല ഞാൻ തന്നെ ചെല്ലുമ്പോൾ, മറ്റൊരുത്തൻ എനിക്കു മുമ്പായി ഇറങ്ങുന്നു എന്നുത്തരം പറഞ്ഞു' " (വാക്യം 7).[8]

ഈ കുളം വളരെ ആഴമുളളതായിരുന്നു ആഴം കുറഞ്ഞ ഒരറ്റവുമില്ലായിരുന്നു. പടികൾ നേരെ വെളളത്തിലേയ്ക്കു താഴോട്ട് ഇറങ്ങുന്നതിനുളളതാണ്. നടക്കുവാൻ കഴിയാത്ത ഒരാൾക്കു കുളത്തിലിറങ്ങാൻ മറ്റുളളവരുടെ സഹായം വേണം. വെളളം കലങ്ങുമ്പോൾ "ഓരോരുത്തരും അവർക്കുവേണ്ടി," ഇറങ്ങണം. പക്ഷെ ഈ രോഗിക്കു അവസരം കിട്ടിയില്ല.

യേശുവിന്റെ ചോദ്യത്തിനു അവൻ ''ഉവ്വ്'' ''ഇല്ല'' എന്നു പറയുന്നതിനു പകരം പറഞ്ഞു, "അതെന്റെ കുറ്റമല്ല ഞാൻ ഇപ്പോഴും രോഗിയാണ്! എന്നെ വെളളത്തിലാക്കുവാൻ എനിക്കാരുമില്ല!" നമുക്കു പ്രശ്നങ്ങൾ വരുമ്പോൾ, അതു നമ്മുടെ കുഴപ്പം കൊണ്ടല്ല അല്ലേ? പലപ്പോഴും നാം വിചാരിക്കുന്നത് ആരോ നമ്മെ താഴ്ത്തി കളഞ്ഞിരിക്കുന്നു എന്നാണ് ഒരുപക്ഷേ, ഈ രോഗിയെ പോലെ, നമുക്കും മാനസിക ശസ്ത്രക്രിയ ആവശ്യമാണ്.

യേശു ഈ രോഗിയെ എളുപ്പത്തിൽ പോകുവാൻ അനുവദിച്ചില്ല. അവൻ ഒന്നിലധികം സൗഖ്യം വരുത്തുവാൻ ആഗ്രഹിച്ചു: ശാരീരിക സൗഖ്യവും മാനസികസൗഖ്യവും. "യേശു അവനോട്, 'എഴുന്നേറ്റു, നിന്റെ കിടക്ക എടുത്തു, നടക്ക എന്നു പറഞ്ഞു' " (വാക്യം 8). മുപ്പത്തി - എട്ട് വർഷം അവനെ ചുമന്നു കൊണ്ടിരുന്നത്; കിടക്കയാണ്. ഇപ്പോൾ യേശു പറയുന്നു ആ കിടക്ക എടുത്തു നടക്ക എന്ന്.

ഒരു നിമിഷം. ഒന്നു നിൽക്കാൻ കഴിയാത്ത തനിക്കു ചെയ്യാൻ കഴിയാത്ത കാര്യമാണത്! അവനു നടക്കാൻ കഴിഞ്ഞിരുന്നെങ്കിൽ, അവൻ ആദ്യം വെളളത്തിൽ ഇറങ്ങുമായിരുന്നു. വാസ്തവത്തിൽ, അവനു നടക്കാൻ കഴിയുമായിരുന്നെങ്കിൽ, അവൻ കുളത്തിനരികിൽ വരുമായിരുന്നില്ല. ആ മനുഷ്യനു അസാദ്ധ്യമായതു ചെയ്യാൻ യേശു അവനോടു പറഞ്ഞു, ''നടക്കുവാൻ ശ്രമിക്കത്തക്കവണ്ണം സൗഖ്യമാകുവാൻ നിനക്കു താല്പര്യമുണ്ടോ?" എന്നാണ് യേശു ചോദിച്ചത്.

ഈ രോഗിയുടെ ശ്രദ്ധ യേശുവിൽ പതിക്കുവാൻ യേശുവിനെപറ്റി ചിലതുണ്ടായിരുന്നു. യേശു ആരാണെന്ന അറിവായിരുന്നില്ല. യേശുവിനും അവനെ സൗഖ്യമാക്കുവാൻ കഴിയുമെന്ന അറിവുമായിരുന്നില്ല. 13-ാം വാക്യം നോക്കുമ്പോൾ യേശു ആരാണെന്നതു അവനു അറിയുകപോലും ഇല്ലായിരുന്നുവെന്നു കാണാം. പ്രത്യക്ഷമായി തന്നെ ആ മനുഷ്യൻ പരിശ്രമിക്കുവാൻ തീരുമാനിച്ചു.

''ഉടനെ ആ മനുഷ്യൻ സൗഖ്യമായി കിടക്ക എടുത്തു നടന്നു'' (വാക്യം 9). യേശുവിന്റെ മറ്റെല്ലാ സൗഖ്യപ്പെടുത്തൽപോലെ ഇതും പെട്ടെന്നു സംഭവിച്ചു, പൂർണ്ണമായിരുന്നു, ബോധ്യമാ കത്തക്കവണ്ണവും ആയിരുന്നു (അതു നാം കാണുവാൻ പോകുന്നു).

എന്റെ ജീവിതത്തിൽ അസംഖ്യം മുറിവുകൾ ഏറ്റതുകൊണ്ട് ശരീരഭാഗങ്ങൾ മാസങ്ങളോളം നിശ്ചലമായി പോയിട്ടുണ്ട്. ഈ ശരീരഭാഗങ്ങൾ ഉപയോഗിക്കുന്നതിന്റെ ഫലം ഞാൻ അനുഭ വിച്ചറിഞ്ഞു: പേശികൾ പ്രവർത്തന രഹിതമാകുക, ചലിക്കാൻ പറ്റാതിരിക്കുക തുടങ്ങിയവ എന്തെന്നു ഞാനറിഞ്ഞു. ഈ മനുഷ്യന്റെ ശരീരം മുപ്പത്തി - എട്ട് വർഷമായി ഉപയോഗിക്കാൻ പറ്റാതിരിക്കുന്നതു ഒന്നു ഊഹിക്കുക. യേശു അവനെ സൗഖ്യമാക്കിയപ്പോൾ, അവന്റെ ശരീരം മുഴുവൻ *ദൃഢീകരിക്കുന്നതു* നോക്കുന്നവർക്കു കാണാൻ കഴിഞ്ഞു!

യോഹന്നാൻ പിന്നെ ഒരു ചെറിയ കുറിപ്പ് എറിഞ്ഞു തരുന്നു: ''എന്നാൽ അന്നു ശബ്ബത്തായിരുന്നു'' (വാക്യം 9). തന്റെ ശത്രുക്കളുമായി ഏറ്റുമുട്ടുവാനാണോ യേശു ശബ്ബത്തിൽ ആ മനു ഷ്യനെ സൗഖ്യമാക്കിയത്? ഒരു പക്ഷെ ഒരവസരത്തിൽ അവൻ അങ്ങനെ ചെയ്തിട്ടുണ്ട് (മത്തായി 12:1-14). അതോ ശബ്ബത്തിൽ അങ്ങനെ സംഭവിച്ചു എന്നേയുള്ളോ? വീണ്ടും, ഒരുപക്ഷേ ആകാം. അഥവാ മന: പൂർവ്വം ചെയ്തതായാലും യാദൃശ്ചികമായി സംഭവി ച്ചതാണെങ്കിലും, യോഹന്നാൻ നമ്മെ അറിയിക്കുവാൻ ആഗ്രഹിച്ചത് അന്നു ശബ്ബത്തായിരുന്നു, എന്നാണ്. കാരണം താഴെ പറയുന്നത് അതാണ് വിവരിക്കുന്നത്.

ആ മനുഷ്യൻ കിടക്ക എടുത്തു നടന്നപ്പോൾ കുളത്തിനു ചുറ്റും ഉണ്ടായിരുന്നവരുടെ ആവേശം ഒന്നു ചിന്തിച്ചു നോക്കുക! അവിടെ സന്നിഹിതരായ, ചിലർക്കു, സന്തോഷിക്കാൻ കഴിഞ്ഞില്ല: പരീശന്മാരും മറ്റു മതാദ്ധ്യാക്ഷന്മാരും, സമ്പ്രദായങ്ങളെ എടുത്തിരുന്നു. അത്ഭുതം ചെയ്തതിനെ അവർ ചോദ്യം ചെയ്തില്ല, പക്ഷെ മനുഷ്യനിർമ്മിത നിയമാവലികളെ ലംഘിക്കുന്നതു അവർ ഗൗരവത്തോടെ കണ്ടു. “ആകയാൽ യെഹൂദന്മാർ സൌഖ്യം പ്രാപിച്ചവനോട്, ‘ഇന്നു ശബ്ബത്ത് ആകുന്നു, കിടക്ക എടുക്കുന്നതു വിഹിതമല്ല എന്നു പറഞ്ഞു' '' (വാക്യം 10). ഇതു കഷ്ടമല്ലേ? അവർ സൌഖ്യപ്പെടുത്തിയതിനെ ഒന്നും പറഞ്ഞില്ല. ആ മനുഷ്യൻ മുഴുവനായും സൌഖ്യപ്പെട്ടതിൽ അവർ അസന്തുഷ്ടരായി. അവർ പറഞ്ഞു, ''ഞങ്ങളുടെ സമ്പ്രദായങ്ങളിൽ ഒന്നു നീ ലംഘിച്ചിരിക്കയാണ്!”

“ശബ്ബത്ത്” എന്ന വാക്കിന്റെ അടിസ്ഥാന അർത്ഥം ''വിശ്രമം” എന്നാണ്. ദൈവം ലോകത്തെ സൃഷ്ടിച്ച ശേഷം ഏഴാം നാൾ സ്വസ്ഥനായിരുന്നു (ഉല്പത്തി 2:1-3). പിന്നീട്, ആ ഏഴാം നാൾ

വിശ്രമത്തെ, ശബ്ബത്ത് എന്ന് വിളിക്കാൻ തുടങ്ങി, അതു പത്തു കല്പനയുടെ ഒരു ഭാഗമായി തീരുകയും ചെയ്തു (പുറപ്പാട് 20:8-11) ശബ്ബത്ത് യെഹൂദന്മാർക്കു പ്രത്യേക സമയമായിരുന്നു. അതു വിശ്രമദിവസം, ആരാധനാസമയം, ദൈവത്തിൽ ശ്രദ്ധകേന്ദ്രീകരിച്ചു സന്തോഷിക്കാനുള്ള സമയം ആയിരുന്നു. ശബ്ബത്ത് ആചരിക്കുന്നതു മുടക്കം വരാതിരിക്കേണ്ടതിനു കഠിന ശിക്ഷയും ദൈവം കല്പിച്ചിരുന്നു. ശബ്ബത്തിൽ ഒരാൾ വിറക് ശേഖരിച്ചാൽ അയാളെ കല്ലെറിഞ്ഞു കൊല്ലണം എന്നു പറഞ്ഞിരിക്കുന്നത് സംഖ്യ പുസ്തകം 15-ാം അദ്ധ്യായം വായിച്ചാൽ മനസ്സിലാകും. ശബ്ബത്തിൽ കച്ചവടത്തിനു പോയാൽ കർശനമായ ശിക്ഷ നടപ്പിലാക്കിയിരുന്നതായി നെഹെമ്മ്യാവിന്റെ പുസ്തകം, വെളിപ്പെടുത്തുന്നുണ്ട്.

ദൈവ നിയമങ്ങൾ എല്ലാം വേണ്ടത്ര കർശനമുള്ളവയായിരുന്നു, പക്ഷെ മനുഷ്യർ അതങ്ങനെ എടുക്കാൻ തയ്യാറായില്ല. ശബ്ബത്തു നിയമത്തെ പരീശന്മാർ 23 അദ്ധ്യായങ്ങൾ ഉൾപ്പെടുന്ന നിയമാവലികൾ കൂടെ കൂട്ടി ചേർത്തു വിപുലീകരിച്ചു! പ്രമാണിമാരിൽ അനേകർ പരിഹാസ്യരായിരിക്കുന്നു. ഉദാഹരണത്തിനു, ഒരാൾക്കു വിരൽ നഖം കടിക്കാൻ കഴിഞ്ഞിരുന്നില്ല. അതും അവർ ശബ്ബത്തിൽ ചെയ്യുന്ന പ്രവൃത്തിയായി കണക്കാക്കിയിരുന്നു. മനുഷ്യനിർമ്മിതമായ അസംഖ്യം നിയമാവലികൾ മനുഷ്യർക്കു ഭാരമാണു വരുത്തിയത്. കൃത്രിമമായ പല്ലുകൾ വയ്ക്കുന്നതും, കൃത്രിമ കാലുകൾ വയ്ക്കുന്നതും ഭാരം ചുമക്കുന്നതിനു തുല്യമാണെന്നു കരുതി റബ്ബിമാർ ഇതിനെ ചൊല്ലി തർക്കിക്കുമായിരുന്നു. ഒരു സ്ത്രീ വസ്ത്രം തുന്നിക്കഴിഞ്ഞ് സൂചി അബദ്ധവശാൽ വസ്ത്രത്തിൽ ഇരിക്കുകയും ആ വസ്ത്രം തന്റെ ഭർ ത്താവു ശബ്ബത്തിൽ ധരിക്കുകയും ചെയ്താൽ, സൂചി ചുമന്നതു പാപമായി കണക്കാക്കുന്നു. (ഈ വ്യവസ്ഥകൾ ഒന്നും ദൈവത്തിന്റേതായിരുന്നില്ല, മനുഷ്യരുടേതായിരുന്നു എന്നോർക്കുക[9]).

ഈ നിയമാവലികളിൽ ഒന്നു യോഹന്നാൻ 5-ാം അദ്ധ്യായത്തിലെ സാഹചര്യവുമായി നേരിട്ടു ബന്ധപ്പെട്ടിരിക്കുന്നു. കിടക്കമേൽ ഒരു മനുഷ്യനെ ചുമന്നു കൊണ്ടു, ശബ്ബത്തിൽ പോകാമായിരുന്നു. നേരിട്ടു അതിനു റബ്ബിമാർ പറയുന്നതു, ''അതു യാദൃശ്ചികമായി സംഭവിച്ചതാണ് എന്നത്രെ'' - എന്നാൽ ഒരു മനുഷ്യനെ കൂടാതെ കിടക്കമാത്രം ചുമന്നു കൊണ്ടു പോകാൻ പാടില്ല. യേശു ആ മനുഷ്യനോടു പറഞ്ഞത് ഇതാണ്: "എഴുന്നേറ്റു, [കിടക്ക], എടുത്തു നടക്ക".

പരീശന്മാർ പറഞ്ഞു, "ഇന്നു ശബ്ബത്താണ് കിടക്ക എടുക്കുന്നതു വിഹിതമല്ല" (വാക്യം 10), ആ മനുഷ്യൻ പറഞ്ഞതു, ഫലത്തിൽ, "അതു എന്റെ കുറ്റമല്ല." (യേശുവിനോടും അവൻ അതു തന്നെയാണ്

പറഞ്ഞത്, ''നടക്കാതിരുന്നതു എന്റെ കുറ്റമല്ല.'' ഇപ്പോൾ *ഞാൻ,* "നടക്കുന്നതും എന്റെ കുറ്റമല്ല" എന്നവൻ പരീശന്മാരോടു പറഞ്ഞു). "എന്നാൽ അവൻ പറഞ്ഞത്, 'എന്നെ സൌഖ്യമാക്കിയവൻ, കിടക്ക എടുത്തു എന്നോടു നടക്ക'" എന്നു പറഞ്ഞു എന്നാണ് (വാക്യം 11). മറ്റൊരർത്ഥത്തിൽ അവൻ പറഞ്ഞതു, ''ഈ മനുഷ്യനു എന്നെ സൗഖ്യമാക്കുവാൻ അധികാരമുണ്ടെങ്കിൽ തീർച്ചയായും ശബ്ബത്തിൽ കിടക്ക എടുത്തു നടക്കാൻ പറയുവാനും അധികാരമുണ്ട് എന്നത്രെ!"

"അവർ അവനോടു, 'കിടക്ക എടുത്തു നടക്ക' എന്നു 'നിന്നോടു പറഞ്ഞ മനുഷ്യൻ ആർ?' എന്നു ചോദിച്ചു. എന്നാൽ അവിടെ പുരുഷാരം ഉണ്ടായിരിക്കയാൽ യേശു മാറിക്കളഞ്ഞതു കൊണ്ടു; അവൻ ആരെന്നു സൗഖ്യം പ്രാപിച്ചവൻ അറിഞ്ഞില്ല" (വാക്യം 12ഉം 13ഉം). മുൻപു പ്രസ്താവിച്ചതു ശ്രദ്ധിക്കുക: യേശു ആരായിരുന്നു എന്നു ആ മനുഷ്യനു അറിഞ്ഞു കൂടായിരുന്നു. അവനെ യേശു, സൌഖ്യമാക്കിയ ശേഷം പുരുഷാരത്തിനിടയിൽ മറഞ്ഞു കളഞ്ഞു.

**ആത്മാവിന്റെ സൗഖ്യം (യോഹന്നാൻ 5:14-16)**

യേശുക്രിസ്തു ആ മനുഷ്യനോട് കൂടെ ആയിരുന്നില്ല. "അനന്തരം യേശു അവനെ ദേവാലയത്തിൽ വച്ചു കണ്ടു. [തീർച്ചയായും സൗഖ്യ മായതിനാൽ ദൈവത്തെ സ്തുതിപ്പാനായിരുന്നു അവൻ പോയത്], [യേശു] അവനോടു, 'നോക്കു, നിനക്കു സൗഖ്യമായല്ലോ;[10] അധികം തിന്മയായതു ഭവിക്കാതിരിപ്പാൻ, ഇനി പാപം ചെയ്യരുതെന്നു പറഞ്ഞു'" (വാക്യം 14). അധികം ''തിന്മയായതു" ഒരുപക്ഷേ യേശുക്രിസ്തു സൂചിപ്പിച്ചതു നരകമായിരിക്കാം. നിത്യ നരകത്തിലെ തീയുമായി താരതമ്മ്യം ചെയ്യുമ്പോൾ, ഇവിടെ ഉള്ള കഷ്ടത നിറഞ്ഞ ജീവിതം ഒന്നുമില്ല.

ബൈബിൾ വ്യാഖ്യാനിക്കുന്നവരിൽ ഭൂരിഭാഗവും കരുതുന്നതു യേശുവിന്റെ വാക്കുകളുടെ സൂചന നൽകുന്നതെന്തെന്നാൽ ആ മനുഷ്യൻ രോഗിയായി തീർന്നതു അവന്റെ ജീവിതത്തിലെ പാപം നിമിത്തമായിരുന്നു എന്നത്രെ. അതിനു സാദ്ധ്യതയുണ്ട്. എല്ലാ രോഗവും വ്യക്തിപരമായ പാപഫലമായുണ്ടാകുന്നതല്ല എന്നു യോഹന്നാൻ 9-ൽ ഊന്നി പറയുന്നുണ്ട്. എന്നാൽ, ചില രോഗങ്ങൾ - എച്ച്.ഐ.വി അണുബാധയും മാരകമായ എയിഡ്സ് രോഗവും നിലവിലുണ്ട്. എച്ച്ഐവിയുളള എല്ലാവരും, പാപം ചെയ്തിട്ടുണ്ടാകുന്നതല്ല. പക്ഷേ അനേകം പേർക്കു എയ്ഡ്സ് വന്നതു ലൈംഗിക പാപം നിമിത്തം അത്രെ.

മനുഷ്യന്റെ പാപവും, ശാരീരിക രോഗവും തമ്മിൽ നേരിട്ടു, ബന്ധമുണ്ടാകാൻ സാദ്ധ്യതയുണ്ട്. ഒരു പക്ഷെ യേശു ആഗ്രഹിച്ചതു ആ മനുഷ്യന്റെ ഏറ്റവും *വലിയ* പ്രശ്നം പരിഹരിക്കുക എന്നതാകാം.

യേശുവിന്റെ അജണ്ടയിലെ ആദ്യ ഇനം ശരീരമല്ല, ആത്മാവ് സൗഖ്യമാക്കുക എന്നതാണ്.[11] (എന്റെ സ്നേഹിതൻ നിർദ്ദേശിച്ചതു[12] യേശു അവനോടു പറഞ്ഞത്, "ഇനി പാപം ചെയ്യരുത്," എന്നാണ് കാരണം മുപ്പത്തി - എട്ട് വർഷമായി, അവന് ഒന്നും ചെയ്യാൻ കഴിഞ്ഞിരുന്നില്ല - അന്നു ചെയ്യാതിരുന്ന പാപം ഇപ്പോൾ ചെയ്യുവാനുള്ള പ്രവണത ജഡത്തിൽ വരാൻ ഇടയുണ്ട്!)

തന്റെ വാക്കുകളിൽ "ഇനി പാപം ചെയ്യരുത്," എന്നാണ് യേശു ഉദ്ദേശിച്ചത്. എന്തായാലും ഒരു സത്യം വ്യക്തമാണ്: യേശു കരുതുന്നതു മനുഷ്യന്റെ ആത്മീയാവസ്ഥയാണ്, ആ മനുഷ്യന്റെ ശാരീരിക ശേഷി, അവനു കിട്ടിയെങ്കിലും ദൈവവുമായുള്ള അവന്റെ ബന്ധം മോശമായാൽ ഭൗതികസൌഖ്യം കൊണ്ടു കുറഞ്ഞ വിലയേ അവനു ലഭിക്കുകയുള്ളൂ. മനുഷ്യന്റെ ശരീരത്തെയും, മനസ്സിനേയും, യേശു കരുതുന്നുണ്ട്, അതിലുപരിയായി അവൻ ആത്മാവിനെ കരുതുന്നു.

15-ാം വാക്യം തുടങ്ങുന്നതു സംഭവം അവസാനിപ്പിച്ചു കൊണ്ടു പറയുകയാണ്: ''ആ മനുഷ്യൻ യഹൂദന്മാരോടു, തന്നെ സൗഖ്യമാക്കിയതു യേശു എന്നു വ്യക്തമാക്കി.'' ആ മനുഷ്യൻ യേശുവിനോട് ചേർന്ന്, യെഹൂദന്മാരുടെ ചോദ്യത്തിന് മറുപടിയായി, "നിന്നോട് ... 'കിടക്ക എടുത്തു, നടക്ക എന്നു പറഞ്ഞതാർ'?" (വാക്യം 12). എന്നോടു, കിടക്ക എടുത്തു നടക്ക എന്നു പറഞ്ഞതു, യേശു ആണെന്നല്ല അവൻ പറഞ്ഞതു, "*എന്നെ സൗഖ്യമാക്കിയതു*"! യേശു ആണെന്നായിരുന്നു അവന്റെ സാക്ഷ്യം. ഇപ്പോൾ അവൻ യേശുവിൽ വിശ്വസിക്കുന്നു; അങ്ങനെ, അവൻ കർത്താവിന്റെ ശക്തിയേയും വ്യക്തിത്വത്തെയും സാക്ഷ്യപ്പെടുത്തുകയാണ്! ആ മനുഷ്യന്റെ ആത്മാവും ശരീരവും മനസ്സും സൗഖ്യമായി.

ഈപ്രസാധക കുറിപ്പോടുകൂടി യോഹന്നാൻ സംഭവ വിവരണം അവസാനിപ്പിക്കയാണ്: "യേശു ശബ്ബത്തിൽ അതു ചെയ്ക കൊണ്ടു യെഹൂദന്മാർ അവനെ ഉപദ്രവിച്ചു" (വാക്യം 16).

### നമ്മെ സൗഖ്യമാക്കാൻ യേശുവിനു കഴിയും

കുളത്തിനരികെ ഇരുന്ന മനുഷ്യനെ സൗഖ്യമാക്കിയ സംഭവത്തിന്റെ അവസാനം ഇതാണ്, നമ്മുടെ വേദഭാഗ സന്ദർഭം തീർന്നിട്ടില്ല. ഈ സന്ദർഭത്തിൽ ഉണ്ടായിരുന്ന മറ്റൊരു കൂട്ടത്തെ കുറിച്ചു നാം ചിന്തിക്കണമെന്നു ഞാൻ താല്പര്യപ്പെടുന്നു. പിന്നെ നമുക്കു നമ്മെ പഠിപ്പിക്കുന്നതിന്റെ പ്രായോഗികതയും നോക്കാം.

#### പരിശന്മാർക്കുള്ള ചോദ്യം

യേശുക്രിസ്തു *യഹൂദ പ്രമാണിമാരോടും,* ''നിങ്ങൾക്കു വാസ്തവത്തിൽ സൗഖ്യമാകുവാൻ മനസ്സുണ്ടോ?'' ഇതു

കണക്കിലെടുക്കുക: യേശുവിന്റെ അപ്പൊസ്തലന്മാരെ എടുക്കാം, അവർ ഒരുപക്ഷേ മറ്റുള്ളവരേക്കാൾ കൂടുതൽ യേശുവിന്റെ അത്ഭുതങ്ങൾ കണ്ടവരും ഉപദേശങ്ങൾ കേട്ടവരും ആയിരിക്കണമല്ലോ? ശാസ്ത്രിമാരും പരീശന്മാരും - അവന്റെ വിമർശകർ, എവിടെയെല്ലാം അവന്റെ പുറകേപോകാമോ അവിടെയെല്ലാം പോയി അവനെ കുടുക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു, അവനെ തരം കിട്ടുമ്പോഴെല്ലാം കുറ്റപ്പെടുത്തിക്കൊണ്ടിരിക്കുന്നതു, നാം പഠിച്ചു കൊണ്ടിരുന്ന സംഭവത്തിനു തൊട്ടുമുമ്പ് അവർ ഗോതമ്പു വയലിൽ ഒളിച്ചിരിക്കയായിരുന്നു! ശബ്ബത്തിൽ യേശുവിന്റെ ശിഷ്യന്മാർ കതിർ പറിച്ചു തിന്നതു ശബ്ബത്തു ലംഘനമായി അവർ പറഞ്ഞു (മത്തായി 12:1, 2).

ഈ യെഹൂദന്മാർക്കു യേശുവിനാൽ സൗഖ്യം ലഭിക്കുവാനുള്ള അവസരങ്ങൾ ധാരാളം കിട്ടിയിട്ടുണ്ട്. വർഷങ്ങളായി യെഹൂദദേശം മശിഹാക്കുവേണ്ടി കാത്തിരിക്കയാണ്. മശിഹ എങ്ങനെ ഇരിക്കുമെന്നും അവൻ വരുമ്പോൾ എന്തു ചെയ്യുമെന്നും പ്രവാചകന്മാരുടെ പ്രവചനങ്ങൾ അവർക്കറിയാമായിരുന്നു: യേശു എല്ലാ പ്രവചനങ്ങളും നിറവേറ്റി.

അവർ അവകാശപ്പെട്ടതു, ''ഞങ്ങൾ മശിഹ വരുന്നതിനു കാത്തിരിക്കുകയാണ്! അവൻ വന്ന് ഞങ്ങളുടെ ദേശം സൗഖ്യമാക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു!" എന്നാണ്, "നിനക്ക് *തീർച്ചയായും* സൗഖ്യമാകുവാൻ മനസുണ്ടോ?" എന്ന് യേശുവിന് ചോദിക്കാമായിരുന്നു.

5-ന്റെ അവസാനഭാഗത്ത് യെഹൂദപ്രമാണികളോടു നടത്തിയതായ ഒരു വലിയ പ്രസംഗം, തന്നെയുണ്ട് (19-47 വരെയുള്ള വാക്യങ്ങൾ). ആ പ്രസംഗത്തിൽ, യേശു മൂന്നു അവകാശങ്ങൾ നടത്തി: (1) അവൻ ദൈവത്തോടു തുല്യനാണ്, (2) അവൻ ചെയ്തതു ദൈവത്തിന്റെ പ്രവൃത്തിയാണ് (3) അവനു ദൈവശക്തിയുണ്ട്. അവൻ ആത്മീയ ജീവൻ കൊടുത്തു (വാക്യം 21), അവൻ മരിച്ചവരെ ഉയിർപ്പിക്കും (വാക്യം 28, 29), അവൻ എല്ലാ മനുഷ്യരേയും ന്യായം വിധിക്കും (വാക്യം 22, 23). ആയിരക്കണക്കിനും അതിന്റെ പെരുക്കമനുസരിച്ചും ഉള്ള ജനത്തെ രക്ഷിക്കുവാൻ മതിയായ സത്യവും തെളിവും ആ പ്രസംഗത്തിൽ നല്കിയിട്ടുണ്ട്.

''നിങ്ങളുടെ എല്ലാ ആത്മീയ വൈകല്യങ്ങൾക്കും സൗഖ്യം വേണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നില്ലേ?'' എന്നു യേശുവിനു ചോദിക്കാമായിരുന്നു. അവൻ അങ്ങനെ ചോദിച്ചിരുന്നെങ്കിൽ, പ്രതികരണം ഏതാണ്ട് ഇങ്ങനെ ആകാനാണ് സാദ്ധ്യത: "വേണം ... പക്ഷേ ഞങ്ങളുടെ സമ്പ്രദായങ്ങളും ദുരഭിമാനവും മാറ്റേണ്ട എങ്കിൽ"

മറ്റൊരു രീതിയിൽ പറഞ്ഞാൽ, "ഞങ്ങൾക്കു സൗഖ്യം വേണം – എന്നാൽ അതിനു വില കൊടുക്കേണ്ടെങ്കിൽ!"

**നമ്മോടുളള ചോദ്യം**

നമ്മോടു ചോദിക്കുന്ന ചോദ്യത്തിനു ഉത്തരത്തിനു നാം തയ്യാറാണോ? ഞങ്ങൾ നിങ്ങളെ മുന്നറിയിക്കുന്നു: അതു നിങ്ങളെ വ്യണപ്പെടുത്തിയേക്കാം! അതുനിങ്ങളെ വേദനപ്പെടുത്തിയേക്കാം! അതു അസഹ്യമായേക്കാം! (ഞാൻ എന്റെ അപ്പൻ പറയാറുളളതു പോലെ ഉറപ്പു പറയുന്നു, അതു നിങ്ങളെ വേദനിപ്പിക്കുന്നതിനേക്കാൾ, കൂടുതൽ എന്നെ വേദനിപ്പിക്കും!).

നിങ്ങൾക്കു തൂക്കകൂടുതലുണ്ടോ? നിങ്ങൾ *ശരിക്കും* വണ്ണം കുറയ്ക്കാൻ ആഗ്രഹിക്കുന്നുണ്ടോ? മറ്റൊരർത്ഥത്തിൽ ചോദിച്ചാൽ, നിങ്ങൾ ആഹാരം ക്രമീകരിക്കുന്നതിനും വ്യായാമം ചെയ്യുന്നതിനാവശ്യമായ വില കൊടുക്കാൻ തയ്യാറാണോ? (നമുക്കു ചുറ്റും ഇരിക്കുന്നവർ നന്നായി കഴിക്കുന്ന ആഹാരം നമുക്കു വേണമെന്നുണ്ടെങ്കിൽ ലഭിക്കാതിരിക്കുന്നത് നമ്മെ എങ്ങനെയാണ് വേദനിപ്പിക്കുന്നത്!)

അനേകർ ഇന്നു അനുഭവിക്കുന്നതു പോലെ: നിങ്ങളും ശാരീരിക രോഗം, കഷ്ട സ്ഥിതിയിലാണോ? നിങ്ങൾക്കു വലിയ ശാരീരിക രോഗമില്ലെങ്കിലും സുഖമില്ലാത്ത അവസ്ഥ തോന്നുന്നുണ്ടോ? സുഖമാണെന്നു തോന്നുന്നില്ലേ? ശരിയായ ഭക്ഷണം കഴിക്കയും മതിയായ വ്യായാമം, ചെയ്യുന്നുവെങ്കിൽ ജീവിതത്തിലെ മുൻഗണനകളെ, ക്രമീകരിക്കുവാൻ പുനർച്ചിന്ത നടത്താറില്ലേ, അങ്ങനെ നിങ്ങളുടെ ശരീരത്തിനും, മനസ്സിനും, ആത്മാവിനും വിശ്രമം ലഭിക്കയില്ലേ? വേറൊരു രീതിയിൽ പറഞ്ഞാൽ സുഖമായി തീരുവാൻ നിങ്ങൾ വില കൊടുക്കാൻ തയ്യാറാണോ?

നിങ്ങൾക്കു യോജിച്ചു പോകുവാൻ പറ്റാത്ത ആരെങ്കിലും ഉണ്ടോ? നിങ്ങൾ വാസ്തവത്തിൽ ആ വ്യക്തിയുമായുള്ള ബന്ധം വളർത്തിയെടുക്കാൻ താല്പര്യപ്പെടുന്നുണ്ടോ? നിങ്ങൾ വില കൊടുക്കാൻ തയ്യാറാണോ? നിങ്ങളുടെ അഹങ്കാരം മാറ്റി, "എന്നോടു ക്ഷമിക്കേണമേ"? മറ്റേ ആൾ ചെയ്യുന്നതു ശരിയായാലും തെറ്റായാലും നിങ്ങൾ ശരിയായതു ചെയ്യുന്ന ഒരു വലിയ വ്യക്തി ആകാൻ നിങ്ങൾക്കു കഴിയുമോ? ഒരു ദാസനായി തീരുന്നതിനു പഠിക്കാൻ നിങ്ങൾക്കു കഴിയുമോ?

നല്ല വിവാഹബന്ധവും, സന്തോഷപ്രദമായ കുടുംബവും വേണമെന്നു നിങ്ങൾ താല്പര്യപ്പെടുന്നുണ്ടോ? ഉണ്ടെന്നു നാം പറയും, പക്ഷെ ഇതിനു നമ്മുടെ ഭാഗത്തു നിന്നു മാറ്റവും ... വേദനയും ... സഹിക്കാൻ നമുക്കു പറ്റുന്നില്ല.

നിങ്ങളിൽ കുറ്റം നിറഞ്ഞിട്ടുണ്ടോ? ആന്തരിക വേദനയിൽ നിന്നു മോചനം പ്രാപിക്കുവാൻ നിങ്ങൾ വാസ്തവത്തിൽ ആഗ്രഹിക്കുന്നുണ്ടോ? നിങ്ങളെത്തന്നെ ദൈവസന്നിധിയിൽ താഴ്ത്തി പൂർണ്ണമായും അവന്റെ ഇഷ്ടത്തിനു സമർപ്പിക്കാൻ കഴിയുന്നുണ്ടോ? നിങ്ങളുടെ പാപം നിമിത്തമുള്ള ഹൃദ്രോഗത്തെയും ജീവിത രീതിയേയും മാറ്റുവാൻ നിങ്ങൾക്കു മനസ്സുണ്ടോ (ബൈബിളിൽ അതിനെ "മാനസാന്തരം" എന്നാണ് പറഞ്ഞിരിക്കുന്നത്)? നിങ്ങൾ പാപമോചനത്തിനായി സ്നാനം (വെള്ളത്തിൽ മുങ്ങൽ) (പ്രവൃത്തി 2:38), ഏല്ക്കുവാൻ നിങ്ങൾ തയ്യാറാണോ? ദൈവപൈതലായിട്ട് നിങ്ങൾ പാപം ചെയ്തു എങ്കിൽ, ദൈവകരുണയ്ക്കായി നിങ്ങളെ തന്നെ ഏല്പിച്ചു കൊടുക്കാൻ തയ്യാറാണോ (1 യോഹന്നാൻ 1:9)? നിങ്ങളുടെ പ്രവൃത്തികൾ നിങ്ങളുടെ സ്വാധീനത്തെ ഹനിച്ചിട്ടുണ്ടെങ്കിൽ പരസ്യമായി ഏറ്റു പറഞ്ഞ് പുതുതായി ആരംഭിക്കുവാൻ നിങ്ങൾ തയ്യാറുണ്ടോ (യാക്കോബ് 5:16)? നിങ്ങൾ അതിനു വേണ്ട വില കൊടുക്കാൻ തയ്യാറാണോ?

നിങ്ങളുടെ പ്രശ്നം *എന്തായാലും* യേശു അതു പരിഹരിക്കും. പക്ഷേ നിങ്ങൾ യേശുവിനെ അതിനനുവദിക്കയും – കൊടുക്കേണ്ട വില കൊടുക്കുകയും വേണം. യേശുവിനെ നോക്കുക, ശരിയായതു ചെയ്യുവാൻ *ശ്രമിക്കുക*. കുളത്തിനരികെയുള്ള മനുഷ്യൻ പരിശ്രമിച്ചു. യേശു അവനു നില്ക്കുവാനും നടക്കുവാനുമുള്ള ശക്തി കൊടുത്തു. നിങ്ങൾക്കു ചെയ്യാൻ കഴിയാത്തതു യേശുവിനു കഴിയുമെന്നു നിങ്ങൾ അവനിൽ വിശ്വസിക്കണം.

യേശുവിനു നമ്മുടെ ശരീരങ്ങൾ, മനസ്സുകൾ, ആത്മാക്കൾ എന്നിവ സൗഖ്യമാക്കുവാൻ കഴിയും.

**ഉപസംഹാരം**

യേശുവിനു എല്ലായ്പ്പോഴും ആത്മാവിനെകുറിച്ചാണ് ഏറ്റവും കൂടുതൽ കരുതൽ, "അധികം തിന്മയായതുഭവിക്കാതിരിപ്പാൻ, ഇനി പാപം ചെയ്യരുത് എന്നു പറഞ്ഞു" (വാക്യം 14). ഇപ്പോൾ യേശു നമ്മുടെ ആത്മാക്കളെ സൗഖ്യമാക്കുവാൻ താല്പര്യപ്പെടുന്നു. നാം എഴുന്നേറ്റു അവനോടു കൂടെ നടക്കുവാൻ അവൻ നമ്മെ ആഹ്വാനം ചെയ്യുന്നു. നാം എവിടെയാണെങ്കിലും, നമുക്കവിടെ വസിക്കാം, യേശു ആ മനുഷ്യനോടു "എഴുന്നേറ്റു, കിടക്ക എടുത്തു, നടക്ക," എന്നു പറഞ്ഞപ്പോൾ അവനു അങ്ങനെ ചെയ്യണമായിരുന്നില്ല. അവനു ഒരു തെരെഞ്ഞെടുപ്പു ലഭിച്ചു. അവനു അവിടെ തുടർന്നും കിടക്കാൻ കഴിയുമായിരുന്നു. ആ ഭയങ്കര അവസ്ഥയിൽ തന്നെ അവനു മരിക്കയും ചെയ്യാമായിരുന്നു. അതുപോലെ യേശു നമ്മേയും വിളിക്കുന്നതു നമുക്കും ഒരു തെരഞ്ഞെടുപ്പുണ്ട്. ഒന്നും ചെയ്യാതെ

കിടക്കയിൽ സുഖമായി കിടക്കാം - പക്ഷെ അങ്ങനെ ചെയ്താൽ, നമുക്ക് ഒരിക്കലും സുഖമാകാൻ കഴിയുകയില്ല! തീരുമാനം നമ്മുടേതാണ്.

പരീശന്മാരെ പോലെ നാം ആകാതിരിക്കാൻ ദൈവം നമ്മെ സഹായിക്കട്ടെ. നമ്മുടെ സമ്പ്രദായങ്ങളും ദുരഭിമാനങ്ങളും വിട്ടുകളയുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. നമുക്കു നമ്മെത്തന്നെ കർത്താവിനായി സമർപ്പിക്കാം. അവൻ നമ്മെ *സൗഖ്യമാക്കും*!

നിങ്ങൾ *വാസ്തവത്തിൽ* സൗഖ്യമാകാൻ ആഗ്രഹിക്കുന്നുണ്ടോ? നിങ്ങളുടെ പ്രതികരണം ആയിരിക്കും അതിനുള്ള ഉത്തരം.

---

കുറിപ്പുകൾ

[1]ചില കയ്യെഴുത്തുപ്രതികൾ വായിക്കുന്നതു "പെരുനാൾ" എന്നാണ്. അതാണ് ശരിയെങ്കിൽ ഇവിടെ പറയുന്ന, "പെരുനാൾ" സൂചിപ്പിക്കുന്നതു പെസഹയാണ്. [2]"യേശുവിനു പള്ളിയിൽ 'പോകുവാൻ ഇഷ്ടമായിരുന്നു' " എന്നാണ് ചിലർ പറയുന്നത്. [3]KJV പറയുന്നതു "ആടുചന്ത" എന്നാണ്. [4]അവയെ "പോർച്ചെസ്" എന്നാണ് KJV പറയുന്നത്. [5]ഈ വാക്കുകൾ, ഭാഗികമായോ മുഴുവനായോ, പല പുരാതന കയ്യെഴുത്തു പ്രതികളിലും കാണാം, പക്ഷേ ഏറ്റവും പഴക്കം ചെന്ന പ്രതികൾ അല്ലതാനും. [6]പകൽ സമയത്തു ചുരുങ്ങിയതു അവനോടു കൂടെ സ്നേഹിതന്മാർ ഇല്ലായിരുന്നു (വാക്യം 7) അവനെ കുളത്തിനരികിലേക്കു ആരെങ്കിലും ദിവസവും കൊണ്ടുവരികയാകാം ചെയ്തത്. [7]യേശു ഇതു പറഞ്ഞപ്പോൾ കൂടിയിരുന്ന പുരുഷാരത്തെയും ഉദ്ദേശിച്ചിരിക്കും. ഒരുപക്ഷേ അവനെ വിമർശിക്കുന്നവരെയും ആ വാക്കുകളിൽ - ഉൾപ്പെടുത്തികാണും. [8]വെള്ളം "കലങ്ങുമ്പോൾ" വെള്ളത്തിനു എന്തോ സൗഖ്യമാക്കുവാനുള്ള ശക്തിയുണ്ടെന്നു അന്ധമായി വിശ്വസിക്കുന്നതായി ആ മനുഷ്യന്റെ വാക്കുകൾ തെളിയിക്കുന്നു. യോഹന്നാൻ 5:3, 4-ലെ പുരാതന വാക്കുകൾ KJV - ലെ വിവരണം ഏറ്റവും നല്ലതാണ്. [9]പഴയനിയമം പറയുന്നു, ഭാരം ചുമക്കരുത് (യിരെമ്യാവ് 17:19-27; നെഹെമ്യാവ് 13:15-19), എന്നാൽ ശബ്ബത്തു നാളിലെ വ്യാപാരത്തെ കുറിച്ചാണെന്നു നെഹമ്യാവ് 13:15 വ്യക്തമാക്കുന്നു. [10]ഉപയോഗിച്ചിരിക്കുന്ന കാലം സൂചിപ്പിക്കുന്നതു സ്ഥിരമായ അവസ്ഥയെയാണ്.

[11]"യേശു ആകുന്നു ഉത്തരം" എന്നതു നോക്കുക. [12]ഡേവിഡ് ഡെൻമാൻ.

---

## ഇതെന്തു കുട്ടി?
## (ലൂക്കോസ് 2:8-15)

എല്ലാ കുട്ടികളും ഒരുപോലെയാണ് കാണപ്പെടുന്നതെന്നു ഒരുപദേഷ്ടാവു കരുതി. ഒരു ദമ്പതിമാർ അവരുടെ പുതുതായി ജനിച്ച ഒരു ശിശുവിനെ അദ്ദേഹത്തിന്റെ കയ്യിൽ കൊടുത്തു കൊണ്ടു പറഞ്ഞു, ''ഇതു നിങ്ങൾ കണ്ടിട്ടുള്ള ശിശുക്കളിൽവച്ചു ഏറ്റവും മനോഹരമായ കുഞ്ഞല്ലേ? അദ്ദേഹത്തിനു അവരോടു എന്തു പറയണമെന്നറിഞ്ഞുകൂടായിരുന്നു. ഒടുവിൽ അയാൾ പറഞ്ഞു''

അവസാനം, അവൻ പറഞ്ഞു, "ഇപ്പോൾ, ഇതൊരു ശിശുവാണ്!" ശിശുക്കളെല്ലാം ഏതാണ്ട് ഒരു പോലിരിക്കും. എന്നാൽ, അവരെല്ലാം പൂർണ്ണമായും വ്യത്യസ്തരാണ്. അവരുടെ അമ്മമാരോടു ചോദിക്കുക!

യേശു ശിശുവായിരുന്നപ്പോൾ മറ്റു ശിശുക്കളേക്കാൾ – വ്യത്യാസം ഉണ്ടായിരുന്നു. അവൻ ദൈവ പുത്രനായിരുന്നു. ചുറ്റും സംഭവിച്ചത് അവന്റെ ജനനത്തെ ലോകത്തോടറിയിച്ചു. ഈ ലോകത്തിൽ ജനിച്ചുവീണ മറ്റു ശിശുക്കളിൽ നിന്നും ഇതു പ്രത്യേകത ജനിപ്പിക്കുന്നു. മറ്റുള്ള ശിശുക്കളിൽ നിന്നും അവന്റെ വ്യത്യാസം, ദൂതൻ ആട്ടിടയന്മാർക്കു വേർതിരിച്ചറിയാവുന്ന പ്രഖ്യാപനം നടത്തി എന്നതാണ്. ദൂതന്മാരെ സംബന്ധിച്ചു യേശു ആരാണ്?

*അവൻ നമ്മുടെ രക്ഷിതാവാണ്.* ഒരു ദൂതൻ ആട്ടിടയന്മാർക്കു പ്രത്യക്ഷനായി, "ഭയപ്പെടേണ്ട സർവ്വജനത്തിനും ഉണ്ടാവാനുള്ളോരു മഹാസന്തോഷം ഞാൻ സുവിശേഷിപ്പിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു" (ലൂക്കോസ് 2:10, 11) എന്നു പറഞ്ഞു. അവനു "യേശു" എന്ന പേർ വിളിക്കാൻ കാരണം അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു മോചിപ്പിക്കാനിരിക്ക കൊണ്ടാണ് (മത്തായി 1:21).

*അവൻ ക്രിസ്തുവാകുന്നു.* ദൂതൻ തുടർന്നു പറഞ്ഞു, "അവൻ ക്രിസ്തുവാകുന്നു" (ലൂക്കോസ് 2:11). ക്രിസ്തു എന്ന വാക്കിന്റെ അർത്ഥം "അഭിഷിക്തൻ" എന്നാണ്. "ക്രിസ്തു" എന്ന വാക്കിനർത്ഥം, എബ്രായ വാക്കായ "മശിഹ" എന്ന വാക്കിനു തുല്യമാണ്. യേശു ദൈവത്തിന്റെ പ്രവാചകനായിരുന്നു. പഴയനിയമ പ്രവാചകന്മാർ പ്രവചിച്ചതെല്ലാം നിറവേറ്റുവാനും ആത്മീയ യിസ്രായേലിന്റെ രാജാവാകുവാനും ദൈവം അയച്ചവനായിരുന്നു അവൻ (ലൂക്കോസ് 1:31–34).

*അവൻ കർത്താവാണ്.* ദൂതൻ പറഞ്ഞു, "അവൻ കർത്താ വാകുന്നു" (ലൂക്കൊസ് 2:11). അവൻ അത്യുന്നതനാണ്, രാജാധിരാജാവാണ്. അവൻ രക്ഷിതാവു മാത്രമല്ല, അവനെ കർത്താവായിട്ടും നാം തിരിച്ചറിയണം. നമ്മെ വിടുവിക്കുന്നവൻ, നമ്മെ രക്ഷിക്കുന്നു; നമ്മുടെ നായകനായി, അവൻ നമ്മോടു കല്പിക്കുന്നു.

ബേത്ത്ലഹേമിൽ ജനിക്കുവാനിരിക്കുന്ന ഈ ശിശു ആരാണ്? ഇപ്പോൾ നാം അവനെ കുറിച്ചു, അവൻ മറ്റു ശിശുക്കളെപോലെ ഒരു "ഇപ്പോൾ, ശിശുവാണെന്ന്!" തോന്നുന്നു എന്നു പറയുമോ? അതോ, നമ്മുടെ രാജാവാകയാൽ അവന്റെ മുമ്പിൽ കുമ്പിടുമോ? ദൂതൻ പറഞ്ഞ പ്രകാരം അവൻ നമ്മുടെ രക്ഷിതാവാണ്, നമ്മുടെ കർത്താവാണ്, ക്രിസ്തുവുമാണ്. നിങ്ങൾ ഈ ശിശുവിനെ കണ്ടില്ലെന്നു നടിക്കയാണോ, അങ്ങനെയാണെങ്കിൽ, നിങ്ങൾക്കു നിത്യമരണമാണ് ഫലം.